# വയനാട്ടിലെ ക്വാറികൾക്കെതിരെ പരിസ്ഥിതി പ്രവർത്തകർ

**മീഡിയാ മേറ്റ്**

കൊളഗപ്പാറ:അനധികൃതമായ കരിങ്കൽ ക്വാറികൾ വയനാടിന്റെ കൃഷ്ണഗിരി പ്രദേശത്തിന്റെ പരിസ്ഥിതിക്കും കാലാവസ്ഥക്കും ഭീഷണിയാകുന്നു. വയനാട്ടിലെ ഏറ്റവും കൂടുതൽ മഴലഭ്യമായിരുന്ന കൊളഗപ്പാറ പ്രദേശത്തെ പാറപൊട്ടിക്കലിനെതിരെ ശാസ്ത്രസാഹിത്യ പരിഷത്തും പ്രകൃതി സംരംക്ഷണ സമിതിയും ഗ്രീൻ ഹിൽസ് സോഷ്യൽഫോറവുമാണ് ജനങ്ങളെ സംഘടിപ്പിച്ച് പ്രക്ഷോഭത്തിനൊരുങ്ങുന്നത്

ആയിരത്തിലധികം അടി ഉയരമുള്ള കൊളഗപ്പാറയുടെ പരിസര പ്രദേശങ്ങളിലിന്ന് ജലക്ഷാമം നേരിടുന്നു. പരിസരപ്രദേശങ്ങളിലെ വീടുകൾ ഭൂചലന ഭീഷണിയിലാണ്. പാറക്കരികിലൂടെ ഒലിച്ചു പോയിരുന്ന തോട്, നികത്തി റോഡാക്കി മാറ്റി. കൊളഗപ്പാറക്കടുത്തുള്ള റാട്ടക്കുണ്ട്, ഭയങ്കരൻ കുന്ന് പ്രദേശങ്ങളിലായി പത്ത് കിലോമീറ്ററോളം ചുറ്റളവിലാണ് സ്വകാര്യവ്യക്തികൾ സ്ഫോടകവസ്തുക്കൾ ഉപയോഗിച്ച് അനധികൃതമായി പാറ പൊട്ടിക്കുന്നത്.ഇതിനകം 200ലധികം ലോഡ് കടത്തിക്കൊണ്ട്പോയതായി സമിതി ഭാരവാഹികൾ പറഞ്ഞു.

മൈനിങ്ങ് ആന്റ് ജിയോളജിക്കൽ വകുപ്പ് 4 പേർക്കാണ് പാറപൊട്ടിക്കൽ ലൈസൻസ് നൽകിയിട്ടുള്ളത്. റവന്യൂ വകുപ്പ് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകിയതിന്റെ പേരിലാണിതു് മീനങ്ങാടി ഗ്രാമപഞ്ചായത്താകട്ടെ ലൈസൻസ് നൽകിയിട്ടില്ലെന്നും പറയുന്നു.

കൊളഗപ്പാറയുടെ പരിസര പ്രദേശങ്ങൾ വംശനാശം സംഭവിച്ച്കൊണ്ടിരിക്കുന്ന മുളികരങ്ങന്മാരുടെ ആവാസകേന്ദ്ര മായിരുന്നു, ഇവർക്കും ഭീഷണിയായി തീർന്നിരിക്കയാണ്. പാറപൊട്ടിക്കൽ അപൂർവ്വമായ ഔഷധജനിതകസമ്പത്തും നഷ്ടമാകുന്നതായി സമിതി പ്രവർത്തകരുടെ പ്രഥമികാന്വേഷണ റിപ്പോർട്ട് വ്യക്തമാക്കുന്നു.

പരിസ്ഥിതിക്ക് വലിയ ഭീഷണിയായി മാറിയ ക്വറിക്കെതിരെ ശക്തമായ ജനകീയ പ്രതിരോധമുയർത്തുമെന്ന് ശാസ്ത്രസഹിത്യപരിഷത്ത്, പ്രകൃതി സംരംക്ഷണ സമിതി, ഗ്രീൻ ഹിൽ സോഷ്യൽ ഫോറം നേതാക്കളായ റോയ് കെ. മാത്യു, ടി. വി. സജി, കെ. എം. ലജീഷ് എന്നിവർ പറഞ്ഞു.